## മധുരമായ കുട്ടികളേ - ഇപ്പോൾ നിങ്ങൾ പുതിയ സംബന്ധത്തിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്, അതുകൊണ്ട് ഇവിടുത്തെ കർമ്മബന്ധന സംബന്ധങ്ങളെ മറന്ന്, കർമ്മാതീതമാകുന്നതിനുള്ള പുരുഷാർത്ഥം ചെയ്യൂ.

**ചോദ്യം:-** ബാബ ഏത് കുട്ടികളെയാണ് പ്രശംസിക്കുന്നത്? ഏറ്റവുമധികം സ്നേഹം ആർക്കാണ് നൽകുന്നത്?

**ഉത്തരം:-** ബാബ നിർധന കുട്ടികളെയാണ് പ്രശംസിക്കുന്നത്, ആഹാ ദരിദ്രരെ ആഹാ! എളുപ്പത്തിൽ രണ്ട് കഷണം റൊട്ടി കഴിക്കണം, അത്യാഗ്രഹമില്ല. നിർധനരായ കുട്ടികൾ ബാബയെ സ്നേഹത്തോടുകൂടി ഓർമ്മിക്കുന്നു. ബാബ നിരക്ഷരരായ കുട്ടികളെ കണ്ട് സന്തോഷിക്കുകയാണ് എന്തുകൊണ്ടെന്നാൽ അവർക്ക് പഠിച്ചതിനെ മറക്കുന്നതിനുള്ള പ്രയത്നം ചെയ്യേണ്ടതില്ല.

**ഓം ശാന്തി**. ഇപ്പോൾ ബാബയ്ക്ക് ദിവസവും കുട്ടികളോട് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ എന്ന് പറയേണ്ടതിന്റെ ആവശ്യം വരുന്നില്ല. ആത്മാഭിമാനിയായി ഭവിക്കൂ അഥവാ ദേഹീ അഭിമാനിയായി ഭവിക്കൂ... വാക്ക് ഒന്നു തന്നെയല്ലേ. ബാബ പറയുകയാണ് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. ആത്മാവിൽ തന്നെയാണ് 84 ജന്മത്തിന്റെ പാർട്ടടങ്ങിയിരിക്കുന്നത്. ഒരു ശരീരമെടുത്തു, പാർട്ടഭിനയിച്ചു പിന്നീട് ശരീരം നശിക്കുന്നു. ആത്മാവാണെങ്കിൽ അവിനാശിയാണ്. നിങ്ങൾ കുട്ടികൾക്ക് ഈ ജ്ഞാനം ഇപ്പോഴാണ് ലഭിച്ചിരിക്കുന്നത് മറ്റാർക്കും ഈ കാര്യങ്ങളെക്കുറിച്ച് അറിയുകയില്ല. ബാബയിപ്പോൾ പറയുന്നു- എത്ര സാധിക്കുമോ ബാബയെ ഓർമ്മിക്കുന്നതിന്റെ പരിശ്രമം ചെയ്യൂ. ജോലിയിലെല്ലാം മുഴുകുന്നതിലൂടെ ഇത്രയും ഓർമ്മ ഉണ്ടായിരിക്കുകയില്ല. ഗൃഹസ്ഥ വ്യവഹാരത്തിൽ കഴിഞ്ഞുകൊണ്ടും കമല പുഷ്പ സമാനം പവിത്രമാകണം. പിന്നീട് എത്ര സാധിക്കുമോ എന്നെ ഓർമ്മിക്കൂ. ഞങ്ങളെ തപസ്യയിൽ ഇരുത്തണം ഇങ്ങനെയല്ല. തപസ്യ എന്ന അക്ഷരം തന്നെ തെറ്റാണ്. വാസ്തവത്തിലിത് ഓർമ്മയാണ്. എവിടെ വേണമെങ്കിലും ഇരുന്നോളൂ, ബാബയെ ഓർമ്മിക്കൂ. മായയുടെ കൊടുങ്കാറ്റ് വളരെയധികം വരും. ഓരോരുത്തർക്കും എന്തെല്ലാം ഓർമ്മകളാണ് വരുന്നത്. തീർച്ചയായും കൊടുങ്കാറ്റ് വരും ആ സമയം പിന്നീടത് വരാതിരിക്കാൻ അതിനെ ഇല്ലാതാക്കേണ്ടി വരും. ഇവിടെ ഇരിക്കെയിരിക്കെ മായ വളരെയധികം ബുദ്ധിമുട്ടിച്ചുകൊണ്ടിരിക്കും. ഇത് യുദ്ധമാണ്. എത്രത്തോളം ഭാരരഹിതമാകുന്നുവോ അത്രത്തോളം ബന്ധനം കുറയും. ആദ്യം ആത്മാവ് നിർബന്ധനമാണ്, എപ്പോൾ ജന്മമെടുക്കുന്നുവോ മാതാ-പിതാവിലേക്ക് ബുദ്ധി പോകുന്നു പിന്നീട് പത്നിയെ ദത്തെടുക്കുന്നു, ഏത് വസ്തുവാണോ മുന്നിലില്ലാതിരുന്നത് അത് മുന്നിൽ വരുന്നു, പിന്നീട് കുട്ടികൾ ജനിക്കുമ്പോൾ അവരുടെ ഓർമ്മയും വർദ്ധിക്കും. നിങ്ങൾക്കിപ്പോൾ ഇതെല്ലാം മറക്കണം, ഒരു ബാബയെ മാത്രം ഓർമ്മിക്കണം, അതുകൊണ്ട് തന്നെയാണ് ബാബയുടെ മഹിമയുള്ളത്. നിങ്ങളുടെ അച്ഛനും അമ്മയുമെല്ലാം ബാബയാണ്, ബാബയെ മാത്രം ഓർമ്മിക്കൂ. ബാബ നിങ്ങൾക്ക് ഭാവിയിലേയ്ക്ക് വേണ്ടി എല്ലാം പുതിയത് നൽകുന്നു. പുതിയ സംബന്ധത്തിലേയ്ക്ക് കൊണ്ടു വരുന്നു. സംബന്ധമെല്ലാം അവിടെയായിരിക്കുമല്ലോ. പ്രളയം സംഭവിക്കും എന്നൊന്നുമല്ല. നിങ്ങൾ ഒരു ശരീരം ഉപേക്ഷിച്ച് പിന്നീട് മറ്റൊന്നെടുക്കുന്നു. ആരാണോ വളരെ നല്ലവർ അവർ തീർച്ചയായും ഉയർന്ന കുലത്തിൽ ജന്മമെടുക്കും. നിങ്ങൾ പഠിക്കുന്നത് തന്നെ ഭാവിയിലെ 21 ജന്മത്തേയ്ക്ക് വേണ്ടിയാണ്. പഠിപ്പ് പൂർത്തിയായാൽ പ്രാപ്തി ആരംഭിക്കും. സ്ക്കൂളിൽ പഠിച്ച് ട്രാൻസ്ഫറാകാറുണ്ടല്ലോ. നിങ്ങളും ട്രാൻസ്ഫറാകേണ്ടവരാണ് - ശാന്തിധാമം പിന്നീട് സുഖധാമത്തിൽ. ഈ മോശമായ ലോകത്തിൽ നിന്ന് മോചിപ്പിക്കപ്പെടും. ഇതിന്റെ പേര് തന്നെ നരകമെന്നാണ്. സത്യയുഗത്തെ സ്വർഗ്ഗമെന്ന് പറയുന്നു. ഇവിടെ മനുഷ്യർ ഘോര അന്ധകാരത്തിലാണ്. ധനവാന്മാർ ഇത് തന്നെയാണ് ഞങ്ങളുടെ സ്വർഗ്ഗമെന്ന് മനസ്സിലാക്കുന്നു. സ്വർഗ്ഗം പുതിയ ലോകത്തിലാണുണ്ടാവുന്നത്. ഈ പഴയ ലോകം വിനാശമാകാനുള്ളതാണ്. ആരാണോ കർമ്മാതീത അവസ്ഥ നേടുന്നവർ അവർ ധർമ്മ രാജപുരിയിൽ ഒരു ശിക്ഷയും അനുഭവിക്കുകയില്ല. സ്വർഗ്ഗത്തിലാണെങ്കിൽ ശിക്ഷയും ഉണ്ടായിരിക്കില്ല. അവിടെ ഗർഭ കൊട്ടാരമായിരിക്കും. ദുഃഖത്തിന്റെ യാതൊരു കാര്യവുമില്ല. ഇവിടെയാണെങ്കിൽ ഗർഭ ജയിലിൽ ശിക്ഷകൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു. നിങ്ങൾ എത്ര തവണ സ്വർഗ്ഗവാസിയായിരിക്കുന്നു - ഇത് ഓർമ്മിക്കുകയാണെങ്കിൽ മുഴുവൻ ചക്രവും ഓർമ്മയുണ്ടാവും. ഒരു ചെറിയ കാര്യം പോലും ലക്ഷക്കണക്കിന് രൂപയുടെതാണ്. ഇത് മറക്കുന്നതിലൂടെ, ദേഹാഭിമാനത്തിൽ വരുന്നതിലൂടെ മായ നഷ്ടമുണ്ടാക്കുന്നു. ഇതാണ് പ്രയത്നം. പരിശ്രമമില്ലാതെ ഉയർന്ന പദവി നേടാൻ സാധിക്കില്ല. ബാബയോട് പറയുന്നു - ബാബാ ഞങ്ങൾ വിദ്യാഭ്യാസമില്ലാത്തവരാണ്, ഒന്നും അറിയുകയില്ല. ബാബയ്ക്ക് സന്തോഷമുണ്ടാകുന്നു എന്തുകൊണ്ടെന്നാൽ ഇവിടെ പഠിച്ചതെല്ലാം മറക്കണം. അത് കുറച്ച് സമയത്തേയ്ക്ക് വേണ്ടി

ശരീര നിർവ്വഹണാർത്ഥം പഠിക്കണം. അറിയാമല്ലോ – ഇതെല്ലാം അവസാനിക്കാനുള്ളതാണ്. എത്ര സാധിക്കുമോ ബാബയെ ഓർമ്മിക്കണം റൊട്ടിക്കഷണം സന്തോഷത്തോടുകൂടി കഴിക്കണം. ആഹാ ഈ സമയത്തെ ദാരിദ്ര്യം. സന്തോഷത്തോടുകൂടി റൊട്ടിക്കഷണം കഴിക്കണം. അത്യാഗ്രഹമുണ്ടാവരുത്. ഇന്നത്തെക്കാലത്ത് ധാന്യം എവിടെനിന്ന് ലഭിക്കാനാണ്. പഞ്ചസാരയെല്ലാം പതുക്കെ–പതുക്കെ ലഭിക്കാതെയാകും. നിങ്ങൾ ഈശ്വരീയസേവനം ചെയ്യുന്നതുകൊണ്ട് നിങ്ങൾക്ക് സർക്കാർ നൽകുമെന്നില്ല. അവർക്ക് ഒന്നും തന്നെ അറിയുകയില്ല. അതെ, കുട്ടികൾ പറയേണ്ടതാണ് – സർക്കാരിന് മനസ്സിലാക്കി കൊടുക്കൂ നമ്മളെല്ലാവരും ഒരുമിച്ച് അമ്മയുടെയും അച്ഛന്റെയുമടുത്ത് പോവുകയാണ്, അവർക്ക് കുട്ടികൾക്ക് വേണ്ടി ടോളി അയക്കേണ്ടതുണ്ട്. ഇവിടെയാണെങ്കിൽ വ്യക്തമായി പറയുന്നു ഇല്ലേയില്ല. പാവങ്ങൾക്ക് കുറച്ച് നൽകുന്നു. എങ്ങനെയാണോ സന്യാസിമാർക്ക് ആരെങ്കിലും സമ്പന്നനാണെങ്കിൽ കൈനിറച്ച് നൽകും. പാവങ്ങളാണെങ്കിൽ കുറച്ചെന്തെങ്കിലും നൽകും. പഞ്ചസാര മുതലായവയെല്ലാം വരും എന്നാൽ കുട്ടികളുടെ യോഗം കുറഞ്ഞു പോകുന്നു. ഓർമ്മ നിൽക്കാത്തതു കാരണം, ദേഹാഭിമാനത്തിൽ വരുന്നതു കാരണം ഒന്നും തന്നെ ഉപയോഗിക്കാൻ സാധിക്കില്ല. ഈ കാര്യം യോഗത്തിലൂടെ എത്ര സാധിക്കുമോ അത്രയും പഠിപ്പിലൂടെ സാധിക്കില്ല. യോഗം വളരെ കുറവാണ്. മായ ഓർമ്മയെ ഇല്ലാതാക്കുന്നു. ബലവാന്മാരെ കൂടുതൽ നന്നായി പിടികൂടുന്നു. നല്ല–നല്ല ഒന്നാന്തരം കുട്ടികളിൽ പോലും ഗ്രഹപിഴ ഉണ്ട്. ഗ്രഹപിഴയുണ്ടാകുന്നതിന്റെ മുഖ്യമായ കാരണം യോഗത്തിന്റെ കുറവാണ്. ഗ്രഹപിഴ കാരണം തന്നെയാണ് പേരിലും രൂപത്തിലും കുടുങ്ങി മരിക്കുന്നത്. ഇത് വളരെ വലിയ ലക്ഷ്യമാണ്. അഥവാ സത്യമായ ലക്ഷ്യം നേടണമെങ്കിൽ ഓർമ്മയിലിരിക്കേണ്ടി വരും.

ബാബ പറയുകയാണ് – സാക്ഷാത്ക്കാരത്തെക്കാളും നല്ലതാണ് ജ്ഞാനമാണ്. ജ്ഞാനത്തേക്കാൾ നല്ലത് ഓർമ്മയാണ്. കൂടുതൽ സാക്ഷാത്ക്കാരത്തിലേക്ക് പോകുന്നതിലൂടെ മായയുടെ ഭൂതത്തിന്റെ പ്രവേശനമുണ്ടാകുന്നു. ഒരു പ്രയോജനവുമില്ലാത്ത സാക്ഷാത്ക്കാരത്തിലേയ്ക്ക് പോകുന്നവർ ഒരുപാടുണ്ട്. എന്തെല്ലാമോ പറയുന്നു, അവരിൽ വിശ്വാസം വെയ്ക്കരുത്. ബാബയുടെ മുരളിയിൽ നിന്നാണ് ജ്ഞാനം ലഭിച്ചുകൊണ്ടിരിക്കുന്നത്. ബാബ മുന്നറിയിപ്പ് നൽകികൊണ്ടിരിക്കുകയാണ്. യാതൊരു പ്രയോജനവുമില്ലാത്തതാണ് സാക്ഷാത്ക്കാരം. മായയുടെ പ്രവേശനം വളരെയധികം ഉണ്ടാകുന്നു. അഹങ്കാരം വരുന്നു. ജ്ഞാനം എല്ലാവർക്കും ലഭിച്ചുകൊണ്ടിരിക്കുന്നു. ജ്ഞാനം നൽകുന്നത് ശിവബാബയാണ്. മമ്മയ്ക്കുപോലും ഇവിടെ നിന്നല്ലേ ജ്ഞാനം ലഭിച്ചിരുന്നത്. മമ്മയോടും പറയും മന്മനാ ഭവ. ബാബയെ ഓർമ്മിക്കൂ, ദൈവീക ഗുണം ധാരണ ചെയ്യൂ. സ്വയം നോക്കണം നമ്മൾ ദൈവീക ഗുണം ധാരണ ചെയ്യുന്നുണ്ടോ? ഇവിടെനിന്ന് തന്നെ ദൈവീക ഗുണം ധാരണ ചെയ്യണം. ചിലരെ നോക്കൂ ഇപ്പോൾ ഫസ്റ്റ് ക്ലാസ്സ് അവസ്ഥയാണ്, സന്തോഷത്തോടുകൂടി ജോലി ചെയ്യുന്നു, മണിക്കൂറുകൾക്ക് ശേഷം ക്രോധത്തിന്റെ ഭൂതം വന്നു, മുഴുവൻ സമ്പത്തും ഇല്ലാതെയായി. ഇപ്പോൾ–ഇപ്പോൾ സമ്പാദ്യം, ഇപ്പോളിപ്പോൾ നഷ്ടം. മുഴുവൻ ആധാരവും ഓർമ്മയിൽ തന്നെയാണുള്ളത്. ജ്ഞാനമെല്ലാം വളരെ സഹജമാണ്. ചെറിയ കുട്ടി പോലും മനസ്സിലാക്കും. എന്നാൽ ഞാൻ ആരാണ്, എങ്ങനെയാണ്, യഥാർത്ഥ രീതിയിൽ അറിയണം. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി, ഈ രീതിയിൽ ചെറിയ കുട്ടികൾക്ക് ഓർമ്മിക്കാൻ സാധിക്കില്ല. മരിക്കുന്ന സമയത്ത് മനുഷ്യരോട് ഭഗവാനെ ഓർമ്മിക്കൂ എന്ന് പറയാറുണ്ട്. എന്നാൽ ഓർമ്മിക്കാൻ കഴിയില്ല എന്തുകൊണ്ടെന്നാൽ യഥാർത്ഥത്തിൽ ആരും അറിയുന്നില്ല. ആർക്കും തിരിച്ച് പോകാൻ സാധിക്കില്ല. വികർമ്മം വിനാശമാകുന്നുമില്ല. പരമ്പരയായി ഋഷി–മുനി തുടങ്ങിയ എല്ലാവരും പറഞ്ഞു വരുന്നു രചയിതാവിനെയും രചനയേയും ഞങ്ങൾക്ക് അറിയുകയില്ല. അവർ അൽപമെങ്കിലും സതോഗുണി ആയിരുന്നു. ഇന്നത്തെ തമോപ്രധാന ബുദ്ധിയ്ക്ക് പിന്നെങ്ങനെ അറിയാൻ സാധിക്കും. ബാബ പറയുന്നു ഈ ലക്ഷ്മീ നാരായണനും അറിയുകയില്ല. രാജാവും റാണിയും പോലും അറിയുന്നില്ല പിന്നെങ്ങനെ പ്രജകൾക്കറിയും. ആർക്കും തന്നെ അറിയുകയില്ല. ഇപ്പോൾ കേവലം നിങ്ങൾ കുട്ടികൾക്ക് മാത്രമേ അറിയൂ. നിങ്ങളിലും ചിലരുണ്ട് അവർ യഥാർത്ഥ രീതിയിൽ അറിയുന്നു, പറയുന്നു ബാബാ ഇടയ്ക്കിടയ്ക്ക് മറന്നു പോവുന്നു. ബാബ പറയുകയാണ് – എവിടെയ്ക്ക് വേണമെങ്കിലും പോയ്ക്കോളൂ കേവലം ബാബയെ ഓർമ്മിക്കൂ. വളരെ വലിയ സമ്പത്താണ്. നിങ്ങൾ 21 ജന്മത്തേയ്ക്ക് നിരോഗിയായി മാറുന്നു. ഇങ്ങനെയുള്ള ബാബയെ അന്തർമുഖിയായി ഓർമ്മിക്കണമല്ലോ. എന്നാൽ മായ മറപ്പിച്ച് കൊടുങ്കാറ്റിൽ പെടുത്തുന്നു, ഇതിൽ അന്തർമുഖിയായി വിചാര സാഗര മഥനം ചെയ്യണം. വിചാര സാഗര മഥനം ചെയ്യുന്ന കാര്യവും ഇപ്പോഴത്തേതാണ്. ഇത് പുരുഷോത്തമനാകുന്നതിനുള്ള സംഗമയുഗമാണ്. ഇതും അത്ഭുതമാണ്, നിങ്ങൾ കുട്ടികൾ കാണുന്നുണ്ട് – ഒരേ വീട്ടിൽ തന്നെ നിങ്ങൾ സംഗമയുഗിയാണ് ജീവിത പങ്കാളി അല്ലെങ്കിൽ കുട്ടികൾ മുതലായവർ കലിയുഗികളാണ്. എത്ര വ്യത്യാസമാണ്. ഏറ്റവും വിശേഷ കാര്യമാണ് ബാബ മനസ്സിലാക്കി തരുന്നത്. വീട്ടിലിരുന്നും നമ്മൾ പുഷ്പമായി മാറുന്നതിന് വേണ്ടി പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുകയാണെന്ന് ബുദ്ധിയിലുണ്ടായിരിക്കണം. ഇത് അനുഭവത്തിന്റെ കാര്യ

മാണ്. പ്രാക്റ്റിക്കലായി പരിശ്രമം ചെയ്യണം. ഓർമ്മയിൽ തന്നെയാണ് പരിശ്രമമുള്ളത്. ഒരു വീട്ടിൽ തന്നെ ഒരാൾ ഹംസമാണെങ്കിൽ അടുത്തയാൾ കൊറ്റിയായിരിക്കും. പിന്നീട് ചിലർ വളരെ ഒന്നാന്തരമാകുന്നു. ഒരിക്കലും വികാരത്തിന്റെ ചിന്ത പോലും വരുന്നില്ല. ഒരുമിച്ചിരുന്നും പവിത്രമായി ജീവിക്കുന്നു, ധൈര്യം കാണിക്കുകയാണെങ്കിൽ അവർക്ക് വളരെ ഉയർന്ന പദവി ലഭിക്കും. ഇങ്ങനെയും കുട്ടികളുണ്ടല്ലോ. പലരെയും നോക്കൂ വികാരത്തിന് വേണ്ടി എത്ര അടിയും വഴക്കുമുണ്ടാക്കുന്നു, സങ്കല്പത്തിൽ പോലും അപവിത്രമാകുന്നതിന്റെ ചിന്ത വരാത്ത തരത്തിലുള്ള അവസ്ഥയുണ്ടാവണം. ബാബ പല പ്രകാരത്തിലുള്ള അഭിപ്രായം നൽകികൊണ്ടിരിക്കുന്നു. ശ്രീ ശ്രീയുടെ മതത്തിലൂടെ നമ്മൾ ശ്രീ ലക്ഷ്മീ, ശ്രീ നാരായണനായി മാറുന്നുവെന്ന് നിങ്ങൾക്കറിയാം. ശ്രീ അർത്ഥം ശ്രേഷ്ഠം. സത്യയുഗത്തിൽ നമ്പർവൺ ശ്രേഷ്ഠമാണ്. ത്രേതായുഗത്തിൽ രണ്ട് ഡിഗ്രി കുറയുന്നു. ഈ ജ്ഞാനം നിങ്ങൾ കുട്ടികൾക്ക് ഇപ്പോഴാണ് ലഭിക്കുന്നത്.

ഈ ഈശ്വരീയ സഭയിലെ നിയമമാണ് – ആരിലാണോ ജ്ഞാന രത്നങ്ങളോട് ബഹുമാനമുള്ളത്, ഒരിക്കലും കോട്ടുവായ മുതലായവ വരാത്തത് അവർ മുന്നിലേയ്ക്ക് മുന്നിലേയ്ക്കിരിക്കണം. ചില–ചില കുട്ടികൾ ബാബയുടെ മുന്നിലിരിക്കുമ്പോഴും ഉറക്കം തൂങ്ങി, കോട്ടുവായ ഇട്ടുകൊണ്ടിരിക്കുന്നു. അവർ പിന്നീട് പുറകിൽ പോയിരിക്കണം. ഇത് കുട്ടികളുടെ ഈശ്വരീയ സഭയാണ്. എന്നാൽ പല ബ്രാഹ്മണികളും ഇങ്ങനെയിങ്ങനെയുള്ളവരെയും കൊണ്ടുവരുന്നു, ഇതാണെങ്കിൽ ബാബയിൽ നിന്നും ധനമാണ് ലഭിക്കുന്നത്, ഓരോ ഓരോ വാക്കും ലക്ഷക്കണക്കിന് രൂപയുടെയാണ്. ജ്ഞാനം ലഭിക്കുന്നത് സംഗമത്തിലാണെന്ന് നിങ്ങൾക്കറിയാം. ബാബാ ഞങ്ങൾ പരിധിയില്ലാത്ത സമ്പത്തെടുക്കുന്നതിന് വീണ്ടും വന്നിരിക്കുകയാണെന്ന് നിങ്ങൾ പറയുന്നു. മധുര–മധുരമായ കുട്ടികൾക്ക് ബാബ വീണ്ടും വീണ്ടും മനസ്സിലാക്കി തരികയാണ് ഇത് മോശമായ ലോകമാണ്, നിങ്ങളുടേത് പരിധിയില്ലാത്ത വൈരാഗ്യമാണ്. ബാബ പറയുകയാണ് ഈ ലോകത്തിൽ നിങ്ങൾ എന്തെല്ലാം കാണുന്നുണ്ടോ അതൊന്നും നാളെ ഉണ്ടായിരിക്കില്ല. ക്ഷേത്രങ്ങളുടെയൊന്നും പേരോ അടയാളമോ പോലും ഉണ്ടായിരിക്കില്ല. അവിടെ സ്വർഗ്ഗത്തിൽ അവർക്ക് പഴയ വസ്തുക്കളെ കാണേണ്ട ആവശ്യം തന്നെയില്ല. ഇവിടെയാണെങ്കിൽ പഴയ വസ്തുക്കൾക്ക് വളരെയധികം മൂല്യമുണ്ട്. വാസ്തവത്തിൽ ഒരു ബാബയ്ക്കല്ലാതെ മറ്റൊരു വസ്തുവിനും യാതൊരു മൂല്യവുമില്ല. ബാബ പറയുകയാണ് ഞാൻ വരുന്നില്ലായെങ്കിൽ നിങ്ങളെങ്ങനെ രാജ്യഭാഗ്യം നേടും. ആർക്കാണോ അറിയുന്നത് അവർ തന്നെയാണ് വന്ന് ബാബയിൽ നിന്ന് സമ്പത്തെടുക്കുന്നത്, അതുകൊണ്ടാണ് കോടിയിൽ ചിലരെന്ന് പറയുന്നത്. ഒരു കാര്യത്തിലും സംശയം വരരുത്. ഭോഗ് മുതലായവയുടെയും ആചാരമുണ്ട്. ഇതിന് ജ്ഞാനവും ഓർമ്മയുമായി യാതൊരു ബന്ധവുമില്ല. മറ്റൊരു കാര്യവുമായി നിങ്ങൾക്ക് സംബന്ധമില്ല. കേവലം രണ്ട് കാര്യങ്ങളാണ് ബാബയും സമ്പത്തും, ചക്രവർത്തി പദവി. ബാബയെന്ന് ഭഗവാനെയാണ് പറയുന്നത്. വിരലുകൊണ്ടും ഇങ്ങനെ സൂചിപ്പിക്കുമല്ലോ. ആത്മാവാണല്ലോ സൂചിപ്പിക്കുന്നത്. ബാബ പറയുകയാണ് ഭക്തിമാർഗ്ഗത്തിൽ നിങ്ങളെന്നെ ഓർമ്മിക്കുന്നു. നിങ്ങളെല്ലാവരും എന്റെ പ്രിയതമകളാണ്. ഇതും അറിയാം കല്പ കല്പം ബാബ വന്ന് എല്ലാ മനുഷ്യരെയും ദുഃഖത്തിൽ നിന്ന് മോചിപ്പിച്ച് ശാന്തിയും സുഖവും നൽകുന്നു, അതിനാലാണ് ബാബ പറഞ്ഞത് കേവലം ഇങ്ങനെയുള്ള ബോർഡ് എഴുതി വെയ്ക്കൂ, പരിധിയില്ലാത്ത ബാബ വിശ്വത്തിൽ എങ്ങനെയാണ് ശാന്തി സ്ഥാപന ചെയ്തുകൊണ്ടിരിക്കുന്നത് വന്ന് മനസ്സിലാക്കൂ. ഒരു സെക്കന്റിൽ 21 ജന്മത്തേയ്ക്ക് വിശ്വത്തിന്റെ അധികാരിയായി മാറണം അതിനാൽ വന്ന് മനസ്സിലാക്കൂ. വീട്ടിൽ ബോർഡ് വെയ്ക്കൂ, മൂന്നടി മണ്ണിൽ നിങ്ങൾക്ക് ഏറ്റവും വലിയ ഹോസ്പിറ്റലും യൂണിവേഴ്സിറ്റിയും തുറക്കാൻ സാധിക്കും. ഓർമ്മയിലൂടെ 21 ജന്മത്തേയ്ക്ക് നിരോഗിയും പഠിപ്പിലൂടെ സ്വർഗ്ഗത്തിന്റെ ചക്രവർത്തി പദവിയും ലഭിക്കുന്നു. പ്രജയും പറയും നമ്മൾ സ്വർഗ്ഗത്തിന്റെ അധികാരിയാണെന്ന്. ഇന്ന് മനുഷ്യർക്ക് ലജ്ജ വരുന്നു കാരണം നരകവാസിയാണ്. സ്വയം പറയുന്നു ഞങ്ങളുടെ അച്ഛൻ സ്വർഗ്ഗവാസിയായി, അപ്പോൾ നരകവാസിയായിരുന്നില്ലേ. എപ്പോൾ മരിക്കുന്നുവോ അപ്പോൾ സ്വർഗ്ഗത്തിൽ പോകും. എത്ര സഹജമായ കാര്യമാണ്. നല്ല കർമ്മം ചെയ്യുന്നവരെ പ്രത്യേകിച്ച് പറയുന്നു ഇവർ വളരെ വലിയ മഹാദാനിയായിരുന്നു. ഇവർ സ്വർഗ്ഗത്തിൽ പോയി. എന്നാൽ ആരും പോകുന്നില്ല. എപ്പോഴാണോ നാടകം പൂർത്തിയാവുന്നത് അപ്പോൾ എല്ലാവരും സ്റ്റേജിൽ വന്ന് നിൽക്കുന്നു. ഈ യുദ്ധവും അപ്പോഴാണ് ഉണ്ടാവുക എപ്പോഴാണോ എല്ലാ അഭിനേതാക്കളും ഇവിടെ വരുന്നത് ശേഷം തിരിച്ച് പോകും. ശിവന്റെ വിവാഹ ഘോഷയാത്രയെന്ന് പറയുമല്ലോ. ശിവബാബയോടൊപ്പം എല്ലാ ആത്മാക്കളും പോകും. മുഖ്യമായ കാര്യം ഇപ്പോൾ 84 ജന്മങ്ങൾ പൂർത്തിയായി. ഇപ്പോൾ ഈ ചെരുപ്പിനെ ഉപേക്ഷിക്കണം. എങ്ങനെയാണോ സർപ്പം പഴയ തോല് ഉപേക്ഷിച്ച് പുതിയതെടുക്കുന്നത്. നിങ്ങൾ സത്യയുഗത്തിൽ പുതിയ തോലെടുക്കും. ശ്രീകൃഷ്ണൻ എത്ര മനോഹരമാണ്, കൃഷ്ണനിൽ വളരെയധികം ആകർഷണമുണ്ട്. ഒന്നാന്തരം ശരീരമാണ്. അതുപോലെ നമ്മളുമെടുക്കും. പറയാറുണ്ടല്ലോ – നമ്മൾ നാരായണനായി മാറും. ഇത് അഴുകിയ മോശമായ തോലാണ്. ഇതുപേക്ഷിച്ച് നമ്മൾ

പുതിയ ലോകത്തേയ്ക്ക് പോകും. ഇത് ഓർമ്മിച്ച് എന്തുകൊണ്ട് സന്തോഷമുണ്ടാകുന്നില്ല, പറയുന്നുണ്ടല്ലോ ഞങ്ങൾ നരനിൽ നിന്ന് നാരായണനായി മാറുമെന്ന്. ഈ സത്യനാരായണന്റെ കഥയെ നല്ല രീതിയിൽ മനസ്സിലാക്കൂ. എന്താണോ പറയുന്നത് അത് ചെയ്ത് കാണിക്കൂ. പറയുന്നതും ചെയ്യുന്നതും ഒരുപോലെയായിരിക്കണം. ഉത്തരവാദിത്വങ്ങളെല്ലാം ചെയ്തോളൂ. ബാബ പറയുകയാണ് കൈകൊണ്ട് ജോലി ചെയ്യൂ, മനസ്സ് ബാബയുടെ ഓർമ്മയിൽ വെയ്ക്കൂ. എത്രത്തോളം ധാരണ ചെയ്യുന്നുവോ അത്രയും നിങ്ങളുടെയടുത്ത് ജ്ഞാനത്തിന്റെ മൂല്യം ഉണ്ടാകും, ജ്ഞാനത്തിന്റെ ധാരണയിലൂടെ നിങ്ങൾ എത്ര ധനവാനായി മാറുന്നു. ഇത് ആത്മീയ ജ്ഞാനമാണ്. നിങ്ങൾ ആത്മാവാണ്, ആത്മാവ് തന്നെയാണ് ശരീരത്തിലൂടെ സംസാരിക്കുന്നത്. ആത്മാവ് തന്നെയാണ് ജ്ഞാനം നൽകുന്നത്. ആത്മാവ് തന്നെയാണ് ധാരണ ചെയ്യുന്നത്. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഈ പഴയ ലോകത്തിലെ പഴയ വസ്തുക്കളെ കണ്ടിട്ടും കാണരുത്. നരനിൽ നിന്ന് നാരായണനായി മാറുന്നതിന് വേണ്ടി പറയുന്നതും ചെയ്യുന്നതും ഒരു പോലെയാക്കണം.

2) അവിനാശീ ജ്ഞാന രത്നങ്ങളുടെ ആദരവ് വെയ്ക്കണം, ഇത് വളരെ വലിയ സമ്പത്താണ്, ഇതിൽ കോട്ടുവായിടുകയോ ഉറക്കം തൂങ്ങുകയോ ചെയ്യരുത്. നാമ-രൂപത്തിന്റെ ഗ്രഹപിഴയിൽ നിന്നും രക്ഷപ്പെടുന്നതിന് വേണ്ടി ഓർമ്മയിലിരിക്കുന്നതിന്റെ പുരുഷാർത്ഥം ചെയ്യണം.

## വരദാനം:- ബാബയുടെ കുടക്കീഴിൽ ലോലമായ പരിതസ്ഥിതികളിൽ പോലും കമലപുഷ്പ സമാനം സ്നേഹിയും നിർമ്മോഹിയുമായി ഭവിക്കട്ടെ.

സംഗമയുഗത്തിൽ ബാബ സേവാധാരിയായി വരുന്നു അപ്പോൾ കുടത്തണലിന്റെ രൂപത്തിൽ സദാ കുട്ടികളുടെ സേവനം ചെയ്യുന്നു. ഓർമ്മിക്കുമ്പോൾ തന്നെ സെക്കന്റിൽ കൂടെയുണ്ടെന്ന അനുഭവം ഉണ്ടാകുന്നു. ഈ ഓർമ്മയുടെ കുടത്തണൽ ഏതൊരു ലോലമായ പരിതസ്ഥിതികളിൽ പോലും കമലപുഷ്പ സമാനം സ്നേഹിയും നിർമ്മോഹിയുമാക്കി മാറ്റുന്നു. പ്രയത്നിക്കേണ്ടി വരില്ല. ബാബയെ സമീപത്ത് കൊണ്ടുവരുന്നതിലൂടെ, സ്വ-സ്ഥിതിയിൽ സ്ഥിതി ചെയ്യുന്നതിലൂടെ എങ്ങനെയുള്ള പരിതസ്ഥിതിയും പരിവർത്തനപ്പെടുന്നു.

## സ്ലോഗൻ:- പ്രശ്നങ്ങളാകുന്ന മറ ഇടക്ക് വരാൻ അനുവദിക്കരുത് എങ്കിൽ ബാബയുടെ കൂട്ടുണ്ടെന്ന അനുഭവം ഉണ്ടായിക്കൊണ്ടിരിക്കും.

**അവ്യക്ത സൂചനകൾ- ആത്മീയ സ്ഥിതിയിൽ ഇരിക്കാനുള്ള അഭ്യാസം ചെയ്യൂ, അന്തർമുഖിയാകൂ.**
ഏതൊരു വിഘ്നത്തിൽ നിന്നും മുക്തമാകാനുള്ള യുക്തിയാണ്- സെക്കന്റിൽ സ്വയത്തിന്റെ സ്വരൂപം അതായത് ആത്മീയ ജ്യോതിസ്വരൂപ സ്മൃതിയിൽ വരിക, ഒപ്പം കർമ്മത്തിൽ നിമിത്ത ഭാവത്തിന്റെ സ്വരൂപം- ഈ ഡബിൾ ലൈറ്റ് സ്വരൂപത്തിൽ സ്ഥിതി ചെയ്യൂ എങ്കിൽ സെക്കന്റിൽ ഹൈജമ്പ് ചെയ്യിക്കും. ഏതൊരു വിഘ്നത്തിനും മുന്നേറുന്നതിൽ തടസ്സം സൃഷ്ടിക്കാൻ സാധിക്കില്ല.